പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 304 | 07.08.2017 ൽ മറുപടിയ്ക്ക്

## മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ

ചോദ്യം | മറുപടി

ശ്രീ. മോൻസ് ജോസഫ്.

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മൊബൈൽ ഇൻറർവെൻഷൻ യൂണിറ്റുകളുടെ പ്രവർത്തനം വിശദമാക്കാമോ ; ഇത് എങ്ങനെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(എ) കേരളത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'അനുയാത്ര' കാമ്പയിനിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു പ്രവർത്തനമാണ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ. ആദ്യഘട്ടമായി 25 യൂണിറ്റുകളാണ് സംസ്ഥാനത്താകമാനം നിലവിൽ വരിക. ഭിന്നശേഷിയുള്ള കുട്ടികൾക്ക് ആവശ്യം വേണ്ട സേവനങ്ങളും തെറാപ്പികളും അവർ താമസിക്കുന്ന സ്ഥലങ്ങളുടെ സമീപ പ്രദേശത്ത് ലഭ്യമാക്കുക എന്നതാണ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. നിലവിൽ ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ദേശീയ ആരോഗ്യ ദൗത്യത്തിന്റെ RBSK-DEIC കളുടെ അനുബന്ധ യൂണിറ്റുകളായിട്ടായിരിക്കും 23 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിക്കുക. 2 യൂണിറ്റുകൾ കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇംഹാൻസ് എന്ന സ്ഥാപനം വഴിയാണ് നടപ്പാക്കുന്നത്. കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഭാഗമായ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ ഫണ്ട് ഉപയോഗിച്ച് ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സഹായത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിയിൽ

| | |
|---|---|
| | ഡെവലപ്മെന്റൽ തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നീ വിദഗ്ദ്ധരുടെ സേവനങ്ങൾ ലഭ്യമായിരിക്കും. |
| (ബി) മൊബൈൽ ഇൻറർവെൻഷൻ യൂണിറ്റുകളുടെ പ്രവർത്തനം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകളെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളുടെ പ്രവർത്തനം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകളെ നിയമിച്ചിട്ടില്ല. ആദ്യഘട്ടമായി ഡെവലപ്മെന്റൽ തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനമാണ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ വഴി ലഭ്യമാക്കുന്നത്. |
| (സി) മൊബൈൽ ഇൻറർവെൻഷൻ യൂണിറ്റുകളുടെ പ്രവർത്തനം സംസ്ഥാനത്ത് എവിടെയൊക്കെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഈ പദ്ധതിക്ക് ഏത് വകുപ്പാണ് മേൽനോട്ടംവഹിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) സംസ്ഥാനത്ത് എല്ലാ ഗ്രാമ പ്രദേശങ്ങളിലും മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളുടെ സേവനം ലഭ്യമാകത്തക്കവണ്ണമാണ് ഇവയുടെ പ്രവർത്തനം ക്രമീകരിച്ചിരിക്കുന്നത്. ആറ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു യൂണിറ്റ് എന്ന നിലയിലാണ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ ക്രമീകരിച്ചിരിക്കുന്നത്. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും നിശ്ചിത സ്ഥലത്ത് മുൻകൂട്ടി നിശ്ചയിച്ച ഷെഡ്യൂൾ പ്രകാരം ആഴ്ചയിൽ ഒരു ദിവസം യൂണിറ്റിന്റെ സേവനം ലഭ്യമാകും. കേരള സാമൂഹ്യ സുരക്ഷാ മിഷനും, ദേശീയ [illegible] യാണ് പദ്ധതിയുടെ നിർവഹണവും മേൽനോട്ടവും വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ